'CORRUPTION, A CRIME AGAINST NATION'

ഭരണഭാഷ മാതൃഭാഷ

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി.25-07-2023

നമ്പർ.A2-4937/2023/DVACB

**സേവന ഉത്തരവ് നമ്പർ. 231/2023/ഡി.വി.എ.സി.ബി.**

വിഷയം : വി.എ.സി.ബി. ജീവനക്കാര്യം – സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനം – ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :
1. 26.09.1968 തീയതിയിലെ സ.ഉ(കൈ)301/68/പി.ഡി നമ്പർ ഉത്തരവ്.
2. 09.07.2002 ലെ സ.ഉ(അച്ചടി) നം. 34/2002/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
3. 23.08.2012 തീയതിയിലെ സ.ഉ(കൈ) 41/2012/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
4. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ഹനീഫ.എം.സി യുടെ 10.02.2023 തീയതിയിലെ അപേക്ഷ.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് ഓഫീസിലെ ശ്രീ. രംഗനാഥൻ നായർ 30.04.2023-ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടന്ന് 01.05.2023 തീയതിയിൽ വി.എ.സി.ബി. യിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവുണ്ടായിട്ടുണ്ട്.

സൂചന ഒന്ന് പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒരോ ആറാമത്തെ ഒഴിവിലേയ്ക്കും ടൈപ്പിസ്റ്റ് തസ്തികയിൽ 10 വർഷം സേവന കാലയളവുള്ള യോഗ്യരായ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാർക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകാവുന്നതാണെന്ന് സർക്കാർ വ്യവസ്ഥയുണ്ട്. സൂചന രണ്ട് പ്രകാരം പ്രസ്തുത ആനുകൂല്യം സീനിയർ ഗ്രേഡ്/സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർക്ക് കൂടി അനുവദിക്കുകയും സൂചന മൂന്ന് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ 10 വർഷം സേവന കാലയളവ് എന്നത് 5 വർഷമാക്കി കുറയ്ക്കുകയും ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

സൂചന നാല് പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ഹനീഫ.എം.സി തസ്തികമാറ്റം മുഖേന സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 20.12.2014 തീയതി രാവിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഹനീഫ.എം.സി (PEN : 740808) നിലവിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്നു. ശ്രീ.ഹനീഫ.എം.സി (PEN : 740808) സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നേടാൻ ആവശ്യമായ വകുപ്പുതല പരീക്ഷകളെല്ലാം വിജയിച്ചിട്ടുണ്ട്.

അപ്പർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരുന്ന ശ്രീമതി റസിയാ ബീഗം.എസ്- ന് തസ്തികമാറ്റം മുഖേന സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 27.06.2022-ൽ നിയമനം നൽകിയതിന് ശേഷം തസ്തികമാറ്റം മുഖേന സീനിയർ ക്ലാർക്ക് തസ്തികയിൽ ഈ ബ്യൂറോയിൽ ഉണ്ടാകുന്ന ആറാമത്തെ ഒഴിവാണിത്. മേൽപ്പറഞ്ഞ ഒഴിവ് വന്ന തീയതിയിൽ ശ്രീ.ഹനീഫ.എം.സി (PEN : 740808) യെക്കാൾ സീനിയറായിട്ടുള്ള ക്ലാർക്കുമാരാരും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ഹനീഫ.എം.സി (PEN : 740808) - യ്ക്ക് സൂചന ഒന്നു മുതൽ മൂന്നു വരെ

പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 35600-75400 ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

ടിയാളെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം സ്പെഷ്യൽ സെൽ ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.



25-07-2023
മനോജ് എബ്രഹാം ഐ.പി.എസ്,
ഡയറക്ടർ

സ്വീകർത്താവ് : 1. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (ഓഫീസ് മേധാവി മുഖേന)
2. വി.എ.സി.ബി. കോഴിക്കോട് ഉത്തരമേഖലാ പോലീസ് സൂപ്രണ്ടിനും മലപ്പുറം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനും അനന്തരനടപടികൾക്കായി.
3. വി.എ.സി.ബി. തിരുവനന്തപുരം സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ടിന് അനന്തരനടപടികൾക്കായി.

പകർപ്പ് : 1. വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോയിലെ എല്ലാ ഓഫീസ് മേധാവിമാരുടെയും അറിവിലേയ്ക്കായി.
2. മാനേജർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അക്കൗണ്ട്സ് ഓഫീസർ
3. ഡയറക്ടറേറ്റിലെ എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും ജൂനിയർ സൂപ്രണ്ടുമാർക്കും ഫെയർകോപ്പി സൂപ്രണ്ടിനും.
4. ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാരുടേയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക്
5. എ5, സി എസ്, ജി4 സെക്ഷനുകൾക്ക് അനന്തര നടപടിക്കായി.
6. സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ iAPS, iAPS അഡ്മിൻ ഡയറക്ടറേറ്റ്.
7. കമ്പ്യൂട്ടർ സെക്ഷൻ / വെബ് അഡ്മിൻ
8. എസ്.എഫ്/എസ്.ഒ.ഫയൽ.

ANTI-CORRUPTION BUREAU
GOVERNMENT OF KERALA